"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പരിശീലന സ്ഥാപനങ്ങൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ, പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങിയവ തുറന്ന് പ്രവർത്തിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.717/2021/DMD തീയതി,തിരുവനന്തപുരം, 29/10/2021

---

പരാമർശം:-

1. സ.ഉ(സാധാ) നം.4485/2021/പൊ.ഭ.വ തീയതി 08.10.2021.
2. സ.ഉ(സാധാ) നം.669/2021/ഡി.എം.ഡി തീയതി 02.10.2021.
3. സ.ഉ(സാധാ) നം.684/2021/ഡി.എം.ഡി തീയതി 16.10.2021.

<u>ഉത്തരവ്</u>

പരാമർശിത ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ തുടർച്ചയായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 20 (3) -ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ, ഷെൽറ്റേർഡ് വർക്ക് ഷോപ്പുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ,സമാന സ്വഭാവത്തിലുള്ള മറ്റ് പരിശീലന കേന്ദ്രങ്ങൾ എന്നിവ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. 18 വയസ്സിന് മുകളിലുള്ള പരിശീലനാർത്ഥികൾ ഒരു ഡോസ് വാക്സിനെങ്കിലും എടുത്തിരിക്കണം. പരിശീലകരും ജീവനക്കാരും രണ്ട് ഡോസ് വാക്സിനേഷൻ എടുത്തവരായിരിക്കണം.
2. 18 വയസ്സിന് താഴെ പ്രായമുള്ള പരിശീലനാർത്ഥികളുള്ള സ്ഥാപനങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. കോവിഡ് -19 മാനദണ്ഡങ്ങൾ ഉറപ്പാക്കേണ്ട ബാധ്യത അതത് സ്ഥാപന മേധാവികളിൽ നിക്ഷിപ്തമായിരിക്കും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര, വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
എല്ലാ ജില്ലാ കളക്ടർമാർക്കും